പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6770 — 1.11.2011-ൽ മറുപടിക്ക്.

## തിരുവനന്തപുരം മൃഗശാലയിലും കാഴ്ചബംഗ്ളാവിലുമുള്ള കരാർ/ദിവസവേതനക്കാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | | കുമാരി പി.കെ. ജയലക്ഷ്മി<br>(ബഹു: പട്ടികവർഗ്ഗക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) | തിരുവനന്തപുരം മൃഗശാലയിലും കാഴ്ചബംഗ്ളാവിലും ദിവസക്കൂലി അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ജോലി ചെയ്യുന്നവർ ഉണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ദിവസക്കൂലിയടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ ഉണ്ട്. ഒഴിവുള്ള 65 തസ്തികകളിൽ പരാവൃത്തിയടിസ്ഥാനത്തിൽ (Rotation basis) 102 പേർ ജോലി ചെയ്യുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇവിടെ നിന്ന് ജീവനക്കാരെ പിരിച്ചു വിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേരെ എന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. സ്ഥിരജീവനക്കാരെ ആരെയും പിരിച്ചുവിട്ടിട്ടില്ല. പലകാരണങ്ങൾ കൊണ്ട് 14 ദിവസവേതനക്കാരെ മാറ്റി നിർത്തിയിട്ടുണ്ട്. |
| (സി) | പുതുതായി നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് ; | (സി) | ഉണ്ട്. 28 പേരെ നിർത്തിയിട്ടുണ്ട്. 102 പേരിൽ ഇവരും ഉൾപ്പെടും. |
| (ഡി) | ഏത് തരം ജോലിക്കാണ് ഇവരെ നിയമിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (ഡി) | സ്ഥിരം ജീവനക്കാരുടെ തസ്തികകളായ കീപ്പർ, ഗാർഡനർ, ഗാർഡ്, പ്യൂൺ, ക്ളാർക്ക്, തുടങ്ങിയ തസ്തികകളിൽ ഒഴിവ് ഉള്ള സമയത്ത് ദിവസവേതനക്കാരെ നിയോഗിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ